# ‘തക്കസമയത്ത് ഉയർത്തുന്നവൻ

## 1 പത്രോസ് 05:06

**‘‘അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ’’.**

വിശുദ്ധ പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നു – അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിപ്പിൻ.

ദൈവം വൻകാര്യങ്ങൾക്കായി ഉപയോഗിച്ച രണ്ടു വ്യക്തികളെപ്പറ്റി നോക്കാം. 40 വയസ്സുള്ള ആരോഗ്യവാനായ മോശ യിസ്രായേൽമക്കളെ സംഘടിപ്പിക്കാനായി സ്വയം ശ്രമിച്ചപ്പോൾ ദൈവം അവനെ ഉപയോഗിച്ചില്ല. എന്നാൽ 80 വയസ്സുള്ള തന്റെ ബലഹീനത ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞപ്പോൾ ദൈവം മോശയെ ഉപയോഗിക്കുന്നു. മോശ ദൈവത്തോട് പറയുന്നു; ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽ മക്കളെ മിസ്രയീമിൽനിന്ന് പുറപ്പെടുവിപ്പാനും ഞാൻ എന്തുമാത്രമുള്ളൂ.

2ശമുവേൽ 7:18 ദാവീദ് രാജാവ് അകത്തുചെന്ന് യഹോവയുടെ സന്നിധിയിൽ ഇരുന്നു പറഞ്ഞതെന്തെന്നാൽ: കർത്താവായ യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആർ? എന്റെ ഗൃഹവും എന്തുള്ളൂ? ചുറ്റുമുള്ള സകല ശത്രുക്കളെയും അടക്കിയശേഷം, ജയാളിയായി നിൽക്കുന്ന സമയം. അതുമല്ല തലയുയർത്തി സംസാരിക്കാൻ സാധിക്കുന്ന അവസരത്തിൽ ഇതാ ദാവീദ് എത്ര വിനയത്തോടെ, താഴ്മയോടെ സംസാരിക്കുന്നു.

അത്രയുമല്ല നാഥാൻ പ്രവാചകനിൽ കൂടി ദൈവം ദാവീദിനുള്ള ഉടമ്പടി അറിയിക്കുകയാണു ചെയ്യുന്നത്. (1) ഭൂമിയിലുള്ള മഹാത്മരുടെ പേർ പോലെ ഞാൻ നിന്റെ പേർ വലുതാക്കും (2) ഞാൻ നിന്റെ സകല ശത്രുക്കളെയും അടക്കി സ്വസ്ഥത നൽകും (3) യഹോവ നിനക്കു ഒരു ഗൃഹം ഉണ്ടാക്കും (4) നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും (5) നിന്റെ സിംഹാസനവും എന്നേക്കും ഉറച്ചിരിക്കും.

പുൽപ്പുറത്ത് ആടിനെ നോക്കി നടന്ന കാലം ദാവീദ് മറന്നില്ല. യഹോവേ നീ ഇത്രത്തോളം കൊണ്ടുവരാൻ ഞാൻ ആർ? ദാവീദ് നന്ദിയാലും വിനയത്താലും നിറയുകയാണ്.

നമ്മുടെയും ജീവിതം നന്ദിയാലും സ്തുതിയാലും നിറയട്ടെ. ഒന്നിനും അർഹതയില്ലാത്ത നമ്മെ നടത്തുന്ന വഴികളെയോർത്ത് ഹൃദയം നിറഞ്ഞ നന്ദി കരേറ്റാം, യിസ്രായേലിനോടു

ചേർന്ന് നമുക്കും പറയാം: എന്റെ താഴ്ചയിൽ എന്നെ ഓർത്തവന് അവന്റെ ദയ എന്നേക്കുമുള്ളത്.

പരാമർശം :

കൊലൊസ്സ്യർ 3:16

സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ.

സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 005